From

To

The Company Secretary /P10
Cochin Shipyard Ltd
Cochin -15

This Application submit for Right Information Act.

Sir,

1. ഞാൻ കൊച്ചിൻ ഷിപ്യാർഡിൽ റിഗ്ഗർ - 5 ഗ്രേഡായി ജോലി ചെയ്ത് 2020 മാർച്ച് 31-ാം തീയതി റിട്ടയർ ചെയ്തിട്ടുള്ളതാകുന്നു. എന്നാൽ എനിക്ക് 2019-20 വർഷത്തെ പെർഫോമൻസ് അലവൻസ് നൽകിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കി വിവരാവകാശ നിയമപ്രകാരം രേഖാമൂലം മറുപടി തരണം.

2. ഓവർലീവിന്റെ പേരിലാണോ എനിക്ക് പെർഫോമൻസ് അലവൻസ് നിരസിച്ചിട്ടുള്ളത് ? എങ്കിൽ 2019-20 വർഷത്തിൽ എത്ര ലീവാണ് അധികം എടുത്തിട്ടുള്ളത്?

3. എടുത്ത ലീവിന് ലീവ് ആപ്ലിക്കേഷൻ സമർപ്പിച്ചിട്ടില്ലെങ്കിൽ എത്ര ലീവിനാണ് അപേക്ഷ നൽകാത്തത് ?

4. 2019-20 വർഷത്തിൽ എടുത്ത സിക്ക് ലീവ്, മെഡിക്കൽ ലീവിനും ഞാൻ മെഡിക്കൽ സർട്ടിഫിക്കറ്റും ലീവ് ആപ്ലിക്കേഷനും സമർപ്പിച്ചിരുന്നു. ഇവ ഏതെങ്കിലും ക്രെഡിറ്റിൽ ചേർക്കാതിരിക്കുന്നിട്ടുണ്ടോ?

5. ഞാൻ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ച കാലം മുതൽ കൊച്ചിൻ ഹോസ്പിറ്റലിലായിരുന്നു ചികിത്സകൾ 2020 മാർച്ച് 31 ന് കൊച്ചിൻ ഹോസ്പിറ്റൽ നിർത്തലാക്കി. ആ കാലയളവിൽ സമർപ്പിച്ചിരുന്ന IP ബില്ലുകളും ലീവ് ആപ്ലിക്കേഷനും മെഡിക്കൽ സർട്ടിഫിക്കറ്റുകളും യഥാവിധി സമർപ്പിച്ചിരുന്നത് ക്രെഡിറ്റിൽ ചേർക്കാതിരുന്നിട്ടുണ്ടോ?

6. 2019-20 വർഷത്തിൽ എനിക്ക് എത്ര രൂപയാണ് പെർഫോമൻസ് അലവൻസ് കമ്പനി നിജപ്പെടുത്തിയിരുന്നത് ? രേഖകൾ സഹിതം മറുപടി തരണം.

7. ഇത് സംബന്ധിച്ച് 04.09.2020 തീയതി വെച്ച് കൊച്ചിൻ ഷിപ്പ്യാർഡ് ഫൈനാൻസ് ഡയറക്ടർക്ക് ഞാൻ ഒരു പരാതി രജിസ്റ്റേർഡ് തപാലിൽ സമർപ്പിച്ചിരുന്നതും ആയതിന്റെ A/D കാർഡ് കമ്പനിയിൽ സീൽ വെച്ച് മടക്കിവന്നിട്ടുള്ളതും നാളിതുവരെ ആ പരാതിയിൽ ഒരു മറുപടി പോലും കമ്പനി നൽകിയിട്ടില്ല എന്താണ് കാരണം? 22 ½ വർഷം ഞാൻ കമ്പനിക്ക് വേണ്ടി സേവനം ചെയ്തതായും സാമാന്യരീതിയിൽ എന്റെ അപേക്ഷയ്ക്ക് ഒരു മറുപടി തരാൻ കമ്പനി ബാധ്യസ്ഥനല്ലെ? എന്തുകൊണ്ടാണ് ആയത് നിരസിച്ചത്?

8. ഈ വിഷയവുമായി ബന്ധപ്പെട്ട് 27.04.2021 തീയതി വെച്ച് കൊച്ചിൻ ഷിപ്പ്യാർഡ് ചെയർമാന് ഞാൻ ഒരു അപ്പീൽ അപേക്ഷ രജിസ്റ്റേർഡ് തപാലിൽ അയച്ചിരുന്നതും ആയതിന്റെ A/D കാർഡ് കമ്പനി സീൽ ചെയ്ത് തിരിച്ചുവന്നിട്ടുള്ളതുമാണ്. എന്നാൽ ആയതിനും ഈ നാളുവരെ ഒരു മറുപടി നൽകിയിട്ടില്ല. ആയതിന്റെ കാരണം വിശദീകരിച്ച് രേഖാമൂലം വിവരാവകാശ നിയമപ്രകാരം മറുപടി നൽകണം.

9. ബന്ധപ്പെട്ട വിഷയങ്ങൾക്ക് വിവരാവകാശനിയമപ്രകാരം രേഖാമൂലം മറുപടി തരണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

Enclose Postal order

कोचीन शिपयार्ड लिमिटेड
(भारत सरकार की श्रेणी-1 मिनिरत्न कंपनी, पत्तन, पोत परिवहन और जलमार्ग मंत्रालय)

COCHIN SHIPYARD LIMITED
(A Government of India Category-1 Miniratna Company, Ministry of Ports, Shipping and Waterways)

CSL/SEC/CS/CORRESP/RTI/2024/7 നവംബർ 26, 2024

**വിഷയം: വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ**

സാർ,

1. 2024 നവംബർ 04-ന് കൊച്ചിൻ ഷിപ്പ്യാർഡിന് ലഭിച്ച വിവരാവകാശ നിയമത്തിന് കീഴിലുള്ള 2024 നവംബർ 02-ലെ നിങ്ങളുടെ അപേക്ഷയ്ക്കുള്ള മറുപടി ഒന്നിനുപുറകെ ഒന്നായി ചുവടെ നൽകിയിരിക്കുന്നു:

(i) 2019-20 വർഷത്തിൽ 36 ദിവസം താങ്കൾ അനുവദിക്കപ്പെട്ട അവധിയില്ലാതെ ജോലിക്ക് ഹാജരാകാതിരുന്നതിനാൽ തൊഴിലാളി യൂണിയനുകളുമായി ഏർപ്പെട്ട കരാർ പ്രകാരം പെർഫോമൻസ് പേയ്മെന്റിനു അർഹത ഇല്ലാത്തതാകുന്നു.

(ii) 36 ദിവസം അനുവദിക്കപ്പെട്ട അവധിയില്ലാതെ ജോലിക്ക് ഹാജരാകാതിരുന്നതിനാൽ തൊഴിലാളി യൂണിയനുകളുമായി ഏർപ്പെട്ട കരാർ പ്രകാരം പെർഫോമൻസ് പേയ്മെന്റിനു അർഹത ഇല്ലാത്തതാകുന്നു.

(iii) ഈ കാലയളവിൽ താങ്കൾ എടുത്തിരിക്കുന്നത് അംഗീകൃത അവധിയല്ല.

(iv) സമർപ്പിച്ച ലീവ് അപേക്ഷകൾ ചേർക്കാതിരുന്നിട്ടില്ല.

(v) സമർപ്പിച്ച അപേക്ഷകൾ ചേർക്കാതിരുന്നിട്ടില്ല.

(vi) തൊഴിലാളി യൂണിയനുകളുമായി ഏർപ്പെട്ട കരാർ പ്രകാരം പെർഫോമൻസ് പേയ്മെന്റിനു അർഹത ഇല്ലാത്തതിനാൽ താങ്കളുടെ പെർഫോമൻസ് അലവൻസ് നിജപ്പെടുത്തിയിട്ടില്ല.

(vii) ഈ ചോദ്യം അന്വേഷണാത്മകം ആയിട്ടുള്ളതിനാൽ RTI നിയമ പ്രകാരം ഉത്തരം നൽകേണ്ടതില്ല.

(viii) ഈ ചോദ്യം അന്വേഷണാത്മകം ആയിട്ടുള്ളതിനാൽ RTI നിയമ പ്രകാരം ഉത്തരം നൽകേണ്ടതില്ല.

कोचीन शिपयार्ड लिमिटेड कोचीन COCHIN 682 015 COCHIN SHIPYARD LIMITED

2. മുകളിലുള്ള മറുപടിയിൽ നിങ്ങൾ തൃപ്തനല്ലെങ്കിൽ, ഈ കത്ത് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം, ഡയറക്ടർ (ടെക്നിക്കൽ) & അപ്പലേറ്റ് അതോറിറ്റിയായ ശ്രീ ബിജോയ് ഭാസ്കറിന് (വിലാസം: കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, കൊച്ചിൻ ഷിപ്പ്യാർഡ് പരിസരം, പെരുമാനൂർ, കൊച്ചി - 682015), അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

കൊച്ചിൻ ഷിപ്പ്യാർഡിന് വേണ്ടി

ശ്യാംകമൽ എൻ
കമ്പനി സെക്രട്ടറി & സെൻട്രൽ
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ